From,

ഷംന.പി.സി
നട്ടുപറമ്പിൽ (വീട്)
കൂരാച്ചുണ്ട് (പി. ഒ)
കൂരാച്ചുണ്ട്
673527

11823

To,

മുഖ്യ വിവരാവകാശ ഓഫീസർ
സാമൂഹ്യക്ഷേമ / വനിത ശിശു വികസന വകുപ്പ്
തിരുവനന്തപുരം

സർ,

താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

(1) കേരളത്തിൽ സാമൂഹ്യക്ഷേമ /വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ എത്ര വാച്ച് വുമൺ തസ്തികയുണ്ട്?

(2) കോഴിക്കോട് ജില്ലയിൽ മാത്രം എത്ര വാച്ച് വുമൺ തസ്തികയുണ്ട്?

(3) വാച്ച് വുമൺ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാരിയുടെ ജോലി സമയം രാത്രിയാണോ അതോ പകൽ സമയത്താണോ? എത്ര മണിക്കൂറാണ് ഡ്യൂട്ടി സമയം? എന്നിവ വിശദമാക്കി തരണമെന്ന് അപേക്ഷിക്കുന്നു

(4) രാത്രിയാണെങ്കിൽ എല്ലാദിവസവും രാത്രി തന്നെയാണോ?

(5) വാച്ച് വുമൺ, വാച്ച് മാൻ തസ്തികകൾക്ക് ഒരേ സീനിയോറിറ്റി ലിസ്റ്റു തന്നെയാണോ, അതോ രണ്ടും വ്യത്യസ്ത സീനിയോറിറ്റി ലിസ്റ്റാണോ എന്നത് വിശദമാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

(6) സർക്കാറിന്റെ പൊതുഅവധി ദിനങ്ങൾ വാച്ച് വുമൺ തസ്തികയിലുള്ളവർക്ക് ബാധകമല്ലേ? ഇല്ലായെങ്കിൽ അവധിയുടെ സ്വഭാവം എങ്ങിനെ?

(7) കോമ്പൻസേറ്ററി ലീവാണെങ്കിൽ ഒരു വർഷത്തിൽ എത്രയെണ്ണം എന്നിവ വ്യക്തമാക്കുകയും അതു സംബന്ധമായി സർക്കാറോ വകുപ്പോ ഇറക്കിയ ഉത്തരവിന്റെ നമ്പറും നൽകണമെന്ന് അപേക്ഷിക്കുന്നു.

(8) ശാരീരിക/ മാനസിക വളർച്ച കുറവുള്ള (ഭിന്നശേഷിക്കാരനായ) കുട്ടിയുള്ള ജീവനക്കാരിക്ക് പ്രമോഷൻ പൂർത്തിയാകുന്നതിന് മുമ്പോ ശേഷമോ കാറ്റഗറി മാറ്റത്തിന് പ്രത്യേക പരിഗണനയുണ്ടോ ?

എന്ന്,

കൂരാച്ചുണ്ട്
03/09/18

ഷംന. പി.സി

From,

ഷംന.പി.സി
നട്ടുപറമ്പിൽ (വീട്)
കൂരാച്ചുണ്ട് (പി. ഒ)
കൂരാച്ചുണ്ട്
673527

E4

To,

ശ്രീമതി. ഗീത.കെ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ&അപ്പലറ്റ് അതോറിറ്റി
സാമൂഹ്യനീതി ഡയരക്ടേറ്റ് ,വികാസ് ഭവൻ
തിരുവനന്തപുരം -

വിഷയം - 03.09.18 ന് നൽകിയ വിവരാവകാശത്തിനു നൽകിയ മറുപടിയിലെ ചോദ്യം നമ്പർ 3, 5 ന്റെ മറുപടി സംബന്ധിച്ച് അപ്പീൽ

സൂചന – നം E4-11823/18 17.09.18 ലെ വിവരാവകാശത്തിനുള്ള മറുപടി

സർ,

(1) വാച്ച് വുമൺ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിയുടെ ജോലിസമയം പകലാണെങ്കിൽ എത്രമണിക്കൂർ, രാത്രിയാണെങ്കിൽ എത്ര മണിക്കൂർ എന്നത് മറുപടിയിൽ വ്യക്തമാക്കി കാണുന്നില്ല. ആയത് വ്യക്തമാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

(2) വാച്ച് മാൻ , വാച്ച് വുമൺ തസ്തികകൾക്ക് ഒരേ സീനിയോറിറ്റി ലിസ്റ്റ് തന്നെയാണോ , അതോ രണ്ടും വ്യത്യസ്ത സീനിയോറിറ്റി ലിസ്റ്റാണോ എന്നതായിരുന്നു ചോദ്യം. ഇതിനും വ്യക്തമായ ഉത്തരമല്ല ലഭിച്ചത്. ആയതിന് വ്യക്തമായ മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

എന്ന്,

03/10/18

ഷംന.പി.സി